'ഭരണഭാഷ-മാതൃഭാഷ'

## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : എൻ. പത്മകുമാർ ഐ.എ.എസ്)

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - നഗരഗ്രാമാസൂത്രണ വകുപ്പ് - പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

**നം. എ/85/2020/പി.ഡി.എൽ.എസ്.ജി.ഡി** **തീയതി : 23.07.2020**

പരാമർശം- സർക്കാർ ഉത്തരവ് നം. 106/2020/തസ്വഭവ. തീയതി 17.07.2020

### ഉത്തരവ്

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പരാമർശം ഉത്തരവ് പ്രകാരം നിലവിലുള്ള നഗരഗ്രാമാസൂത്രണ വകുപ്പിനെ തദ്ദേശസ്വയംഭരണ പ്ലാനിംഗ് വിംഗ് എന്ന് പുനർ നാമകരണം ചെയ്യുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നേ തീയതി മുതൽ നഗരഗ്രാമാസൂത്രണ വകുപ്പിനെ **തദ്ദേശസ്വയംഭരണ പ്ലാനിംഗ്** എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവാകുന്നു.

നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ചീഫ് ടൗൺ പ്ലാനർ തസ്തിക ഇന്നേ തീയതി മുതൽ **ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ പ്ലാനിംഗ്** എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു. ഇതോടൊപ്പം നഗരഗ്രാമാസൂത്രണ വകുപ്പിലെ അഡീഷണൽ ചീഫ് ടൗൺ പ്ലാനർ മുതൽ ഡ്രാഫ്റ്റ്സമാൻ/സർവ്വേയർ/ട്രെയ്സർ വരെയുള്ള എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തിക നാമങ്ങളും ഇതേ മാതൃകയിൽ പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

നഗരഗ്രാമാസൂത്രണ വകുപ്പിന്റെ നിലവിലുള്ള ഓഫീസുകളിലും, ഔദ്യോഗിക കത്തിടപാടുകളിലും, വാഹനങ്ങളിലും **തദ്ദേശസ്വയംഭരണ പ്ലാനിംഗ്** എന്ന് പുനർനാമകരണം ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

PRINCIPAL DIRECTORATE LOCAL SELF GOVT. DEPARTMENT THIRUVANANTHAPURAM

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണവകുപ്പ്

പകർപ്പ് :
1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
3. ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ പ്ലാനിംഗ്
4. പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ, (ആഡിറ്റ്) , കേരള, തിരുവനന്തപുരം
5. അക്കൗണ്ട് ജനറൽ, (എ.&ഇ.), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ, കില, തൃശ്ശൂർ

7. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
8. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്, തിരുവനന്തപുരം
9. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം
10. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം
11. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
12. മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ.
13. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
    (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
14. പൊതുഭരണ (എസ്.സി) വകുപ്പ്
15. ധനകാര്യ വകുപ്പ്
16. നിയമ വകുപ്പ
17. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
18. തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും (ഗവ. സെക്രട്ടറിയേറ്റ്)
19. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്